(ഡി) ഉണ്ട്.

(ഇ) മലബാർ പാക്കേജിൽ രണ്ടാംഘട്ടമായി പ്രവൃത്തികൾ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നകാര്യം സർക്കാരിന്റെ പരിഗണനിയിലാണ്.

കല്ലട ഇറിഗേഷൻ പ്രോജക്ട്

120 (570) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിലെ പരവൂർ ഡിസ്ട്രിബ്യൂട്ടറിയിലെ ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനക്ഷമമാണോ ; അല്ലെങ്കിൽ ആയത് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പരവൂർ, പൂതക്കുളം എന്നീ പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കാൻ വേണ്ടിയുള്ള പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനക്ഷമമാക്കാത്തതു നിമിത്തം, പ്രദേശത്തെ ജനങ്ങൾ ദുരിതത്തിലാണെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ആയത് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരവൂർ ഡിസ്ട്രിബ്യൂട്ടറിയിൽ 23-ാം കിലോമീറ്റർ സ്ഥാപിച്ചിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കുവാൻ കനാലിലൂടെ പരമാവധി അളവിൽ വെള്ളമൊഴുക്കേണ്ടതുണ്ട്. കനാലിന്റെ രണ്ടാം കിലോമീറ്റർ നിർമ്മിച്ചിട്ടുള്ള താത്കാലിക ഇരുമ്പ് കനാൽ കാരണം ഇത് സാധ്യമാകുന്നില്ല. സ്കീമിന്റെ വൈദ്യുതി കണക്ഷൻ ഇപ്പോൾ വിച്ഛേദിച്ചിരിക്കുകയാണ്. പ്രസ്തുത സ്കീം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ ഇപ്പോൾ പ്രവർത്തിക്കാത്തതു നിമിത്തം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ജലനിധിയുടെ രണ്ടാംഘട്ടം

121 (571) ശ്രീ. എൻ. രാജൻ :
ശ്രീ. ബാബു പോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലനിധിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly